**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1618** **05-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷിനാശത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിൽ കഴിഞ്ഞ മേയ് മാസത്തിലെ മഴയെത്തുടർന്ന് വ്യാപകമായി കൃഷി നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്നറിയിക്കാമോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം മണിയൂർ കൃഷി ഭവനിൽ പ്രകൃതിക്ഷോഭം മൂലമുണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാരത്തിനായി സമർപ്പിച്ച 12 അപേക്ഷകളിന്മേൽ സ്ഥല പരിശോധന നടത്തി, നഷ്ടപരിഹാരം തിട്ടപ്പെടുത്തുകയും 1.42 ലക്ഷം രൂപ അനുവദിക്കുന്നതിനായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. നഷ്ടപരിഹാരം നേരിട്ട് അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | 2021, 2022 വർഷങ്ങളിൽ കുറ്റ്യാടി മണ്ഡലത്തിലെ കൃഷിനാശത്തിന് എത്ര രൂപ നഷ്ടപരിഹാരമായി നൽകുകയുണ്ടായി എന്നറിയിക്കാമോ; എത്ര കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകാൻ സാധിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | (ബി) | നഷ്ടപരിഹാരമായി 66,42,626/- രൂപ (അറുപത്തിആറ് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി അറുന്നൂറ്റി ഇരുപത്തിആറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. 810 കർഷകർക്ക് പ്രകൃതിക്ഷോഭം, വിള ഇൻഷ്വറൻസ് എന്നിവയുടെ ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ